10895
15/5/17

# കേരള സർക്കാർ

**സംഗ്രഹം**

പാർലമെന്ററികാര്യ വകുപ്പ് - 12.05.2017-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക ബില്ലുകളിന്മേലുള്ള സർക്കാർ നിലപാട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പാർലമെന്ററികാര്യ (ബി) വകുപ്പ്**

സ.ഉ.(സാ.ധാ) നം. 30/2017/പാ.കാ.വ തീയതി, തിരുവനന്തപുരം, 11.05.2017

---

പരാമർശം : 1. 05.05.2017 തീയതിയിലെ നിയമസഭാ സെക്രട്ടറിയുടെ 1625/പി.എം.ബി.ആർ.2/2017/നി.സെ നമ്പർ കത്ത്.

2. 10 .05.2017-ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പ്

## ഉത്തരവ്

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 12.05.2017 ന് സഭയിൽ ചർച്ചയ്ക്കും തുടർ ചർച്ചയ്ക്കും വരുന്ന എട്ട് അനൗദ്യോഗിക ബില്ലുകളിൽ ബിൽ നമ്പർ 61 (2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ) തത്വത്തിൽ അനുകൂലിക്കുവാനും മറ്റുള്ള അനൗദ്യോഗിക ബില്ലുകൾ അനുകൂലിക്കേണ്ടതില്ലെന്നും പരാമർശം 2 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ബില്ലുകളിന്മേൽ താഴെ പറയും പ്രകാരം മന്ത്രിമാർ നിയമസഭയിൽ നിലപാട് സ്വീകരിക്കേണ്ടതാണ്.

### ചർച്ചയ്ക്കുള്ള ബില്ലുകൾ

| ക്രമ നം. | അംഗത്തിന്റെ പേര് | ബില്ലിന്റെ പേര് | ബിൽ നമ്പർ | വകുപ്പ മന്ത്രി | സ്വീകരിക്കേണ്ട നിലപാട് |
|---|---|---|---|---|---|
| 1 | ശ്രീ.കെ.കൃഷ്ണൻകുട്ടി, എം.എൽ.എ | 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ | 61 | കൃഷി | തത്വത്തിൽ അനുകൂലിക്കുവാൻ തീരുമാനിച്ചു |
| 2 | ശ്രീ.പി.ടി. തോമസ്, എം,.എൽ.എ | 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ | 42 | ഗതാഗത | അനുകൂലിക്കേണ്ടതില്ല |
| 3 | ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ | The Criminal Laws (Kerala Amendment) Bill, 2017 | 41 | ബഹു. മുഖ്യമന്ത്രി | അനുകൂലിക്കേണ്ടതില്ല |
| 4 | ശ്രീ. ബി. സത്യൻ, എം.എൽ.എ | 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ | 60 | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും | അനുകൂലിക്കേണ്ടതില്ല |

| | | | | | |
|---|---|---|---|---|---|
| 5 | ശ്രീ. കെ. രാജൻ, എം.എൽ.എ | 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ | 59 | തൊഴിലും എക്സൈസും | അനുകൂലിക്കേണ്ടതില്ല |

## തുടർചർച്ചയ്ക്കുള്ള ബില്ല്

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | ബില്ലിന്റെ പേര് | ബിൽ നമ്പർ | വകുപ്പ് മന്ത്രി | സ്വീകരിക്കേണ്ട നിലപാട് |
|---|---|---|---|---|---|
| 1 | ശ്രീ. കെ. വി. വിജയദാസ് എം.എൽ.എ | 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവന മിഷൻ രൂപീകരണ ബിൽ | 2 | പട്ടികജാതി /പട്ടികവർഗ്ഗ വികസന | അനുകൂലിക്കേണ്ടതില്ല |
| 2 | ശ്രീ. ഹൈബി ഈഡൻ എം.എൽ.എ | The Good Samaritan Bill, 2016 | 11 | ആരോഗ്യവും സാമൂഹ്യനീതിയും | അനുകൂലിക്കേണ്ടതില്ല |
| 3 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ | 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ | 19 | തൊഴിലും എക്സൈസും | അനുകൂലിക്കേണ്ടതില്ല |

2. ബിൽ സംബന്ധിച്ച ഫയൽ ബന്ധപ്പെട്ട മന്ത്രിമാർക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ടി.ഒ. സൂരജ്**
സെക്രട്ടറി

**ബന്ധപ്പെട്ട വകുപ്പുകൾക്ക്**
(ഈ വകുപ്പിന്റെ **പി.എ.ഡി-ബി1/36/2017-പി.എ.ഡി** നം. കത്ത് /അനൗദ്യോഗികക്കുറിപ്പ് പ്രകാരം)

**പകർപ്പ് :-** ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിക്ക്
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖം കത്ത് സഹിതം)
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പാർലമെന്ററികാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ
പാർലമെന്ററികാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1454947/2017/OS-PAD

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-05-2017

ഫയൽ നം.പി.എ.ഡി.-ബി1/36/2017-പി.എ.ഡി. ഇനം നം: 101[illegible]

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - 12.05.2017-ന് നിയമസഭയിൽ ചർച്ചയ്ക്കും തുടർ ചർച്ചയ്ക്കും ആയി വരുന്ന 8 അനൗദ്യോഗിക ബില്ലുകളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത്.

തീരുമാനം : 14-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിൽ 12.05.2017-ന് സഭയിൽ ചർച്ചയ്ക്കും തുടർ ചർച്ചയ്ക്കും വരുന്ന, എട്ട് അനൗദ്യോഗിക ബില്ലുകളിൽ ബിൽ നമ്പർ 61 (2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ) തത്വത്തിൽ അനുകൂലിക്കുവാനും മറ്റുള്ള അനൗദ്യോഗിക ബില്ലുകൾ അനുകൂലിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

Plu imly

സെക്രട്ടറി, പാർലമെന്ററി കാര്യ വകുപ്പ്

T.O. S[illegible] IAS
Secretary
Parliamentary Affairs Department

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1 ഫയൽ നമ്പർ : **പി.എ.ഡി-ബി1/36/2017-പി.എ.ഡി**

2 വകുപ്പ് : പാർലമെന്ററികാര്യ വകുപ്പ് -

3 വിഷയം : 12.05.2017 -ന് നിയമസഭയിൽ ചർച്ചയ്ക്കും തുടർ ചർച്ചയ്ക്കും ആയി വരുന്ന 8 അനൗദ്യോഗിക ബില്ലുകളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ച്.

4 മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; : 10-05-2017

5 (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; : രണ്ടു ബില്ലുകൾ (Bill No.41/17; 11/2016) ഒഴിച്ചുള്ള 6 ബില്ലുകൾ

(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; : 8 ബില്ലുകളും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്.

ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; : ലഭിച്ച ഒരു ബില്ലിന്മേലുള്ള (Bill No. 42/17) അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

6 മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; : ഉണ്ട്

| ബിൽ നം. | വകുപ്പ് |
|---|---|
| 61/2017 | കൃഷി |
| 42/2017 | ഗതാഗത |
| 41/2017 | ആഭ്യന്തരം |
| 60/2017 | വിനോദസഞ്ചാരവും |
| 59/2017 & 19/2016 | തൊഴിലും നൈപുണ്യവും |
| 2/2016 | പട്ടികജാതി/പട്ടികവർഗ്ഗം |
| 11/2016 | ആരോഗ്യം |

എല്ലാ ബില്ലുകളും നിയമ വകുപ്പിലേക്ക് അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്.

59/17; 19/16; എന്നീ നമ്പർ ബില്ലുകളിൽ തൊഴിലും നൈപുണ്യവും വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം, മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ബാക്കി ബില്ലുകളിന്മേലുള്ള അഭിപ്രായം ലഭിച്ചിട്ടില്ല.

| | | | |
|---|---|---|---|
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. ബി.ആർ. യമുന |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. സുമന. എൻ. മേനോൻ (ലിങ്ക് ഓഫീസർ) |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 9-05-2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 9-05-2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : | ശ്രീ. എ.കെ. ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : | 10-05-2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 10-05-2017 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | | 10/05/17 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും; | : | സ.ഉ(സാ.ധാ)30/2017 പാ.കാ.വ.തീയതി 11-05-2017 |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഇത്, 12.05.2017-ന് നിയമസഭ മുമ്പാകെ ചർച്ചയ്ക്കും, തുടർചർച്ചയ്ക്കും, വരുന്ന 8 അനൗദ്യോഗിക ബില്ലുകളിന്മേലുള്ള, സർക്കാർ നിലപാട് തീരുമാനിക്കുന്നതിനായുള്ള കുറിപ്പാണ്.

**2) 14-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിൽ 12.05.2017 വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന, അനൗദ്യോഗിക ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു:**

| ക്രമ നം. | അംഗത്തിന്റെ പേര് | ബില്ലിന്റെ പേര് | ബിൽ നമ്പർ | വകുപ്പ് മന്ത്രി |
|---|---|---|---|---|
| 1 | ശ്രീ.കെ.കൃഷ്ണൻകുട്ടി, എം.എൽ.എ | 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ | 61 | കൃഷി |
| 2 | ശ്രീ.പി.ടി. തോമസ്, എം..എൽ.എ | 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ | 42 | ഗതാഗത |
| 3 | ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ | The Criminal Laws (Kerala Amendment) Bill, 2017 | 41 | ബഹു. മുഖ്യമന്ത്രി |
| 4 | ശ്രീ. ബി. സത്യൻ, എം.എൽ.എ | 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ | 60 | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും |
| 5 | ശ്രീ. കെ. രാജൻ, എം.എൽ.എ | 2017-ലെ കേരള സംസ്ഥാന പ്രാദേശീക പത്ര-ദൃശ്യമാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ | 59 | തൊഴിലും എക്സൈസും |

**പ്രസ്തുത ദിവസം തന്നെ, തുടർചർച്ചയ്ക്കായി വരുന്ന ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | ബില്ലിന്റെ പേര് | ബിൽ നമ്പർ | വകുപ്പ് മന്ത്രി |
|---|---|---|---|---|
| 1 | ശ്രീ. കെ. വി. വിജയദാസ് എം.എൽ.എ | 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവന മിഷൻ രൂപീകരണ ബിൽ | 2 | പട്ടികജാതി/പട്ടികവർഗ്ഗ വികസന |
| 2 | ശ്രീ. ഹൈബി ഈഡൻ എം.എൽ.എ | The Good Samaritan Bill, 2016 | 11 | ആരോഗ്യവും സാമൂഹ്യനീതിയും |
| 3 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ | 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ | 19 | തൊഴിലും എക്സൈസും |

3.) 59/17; 19/16; എന്നീ നമ്പരുകളിലെ ബില്ലുകളിന്മേൽ, തൊഴിലും നൈപുണ്യവും വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു:

**ബിൽ നം. 59 - 2017-ലെ കേരള സംസ്ഥാന പ്രാദേശീക പത്ര-ദൃശ്യമാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ**

*"2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02.02.2016-ലെ ജി.ഒ (പി) നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരുവാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് ഇപ്പോൾ നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്റ്റ് 1955 ന്റെ പരിധിയിൽ വരാത്തവരും, ഫ്രീലാൻസ് പത്ര റിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ കേരള സംസ്ഥാന പ്രാദേശിക പത്രദൃശ്യമാധ്യമരംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി രൂപീകരണ ബിൽ 2017 ന് പ്രസക്തിയില്ല ആയതു് നിരാകരിക്കാവുന്നതാണ്".*

**ബിൽ നം 19 - 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ**

*"ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നിലവിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിർവ്വഹിച്ചു വരുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി*

മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പ് വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. ഈ സാഹചര്യത്തിൽ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബില്ലിന് പ്രസക്തിയില്ല. ആയത് നിരാകരിക്കാവുന്നതാണ്. "

**മറ്റ് 6 ബില്ലുകളിന്മേൽ, ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽ നിന്നും അഭിപ്രായം ലഭിച്ചിട്ടില്ല.**

**4.) ബിൽ നം. 42/17-ാം നമ്പർ ബിൽ സംബന്ധിച്ച ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:**

"12.05.2017-ൽ നിയമസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്ന 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണം സംബന്ധിച്ച ബിൽ നം. 42 സംബന്ധിച്ച് ധന വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"പ്രസ്തുത ബിൽ ലക്ഷ്യമിടുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിജയകരമായി നിർവ്വഹിക്കുന്നതിന് 2007-ലെ ആക്റ്റ് പ്രകാരം രൂപീകൃതമായ കേരള റോഡ് സേഫ്റ്റി അതോറിറ്റി നിലവിലുണ്ട്. ആയതിനാൽ. സർക്കാർ ഖജനാവിന് അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണം പരിഗണിയ്ക്കാൻ നിർവ്വാഹമില്ല "

**ധനകാര്യ വകുപ്പിലേക്ക് അഭിപ്രായത്തിനായി നൽകിയ ബാക്കിയുള്ള 7 ബില്ലുകളിന്മേലുള്ള അഭിപ്രായം ലഭിച്ചിട്ടില്ല.**

5) പ്രസ്തുത 8 ബില്ലുകളും, നിയമ വകുപ്പിലേക്ക് അഭിപ്രായത്തിനായി നൽകിയിരുന്നുവെങ്കിലും, അഭിപ്രായം ലഭിച്ചിട്ടില്ല.

6) പ്രസ്തുത 8 ബില്ലുകൾ, 12.05.2017-ന്, ചർച്ചയ്ക്കും തുടർചർച്ചയ്ക്കും നിയമസഭയിൽ വരുമ്പോൾ, സർക്കാർ സ്വീകരിക്കേണ്ട നിലപാട്, മുൻകൂറായി തീരുമാനിക്കേണ്ടതുണ്ട്. ഈ വിഷയം മന്ത്രിസഭായോഗത്തിൽ ചർച്ച ചെയ്യുന്നതിനായി, ഈ കുറിപ്പ്, ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നു.

## തീരുമാനിക്കേണ്ട വിഷയം

12.05.2017-ൽ നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന. 61/17; 42/17; 41/17; 60/17; 59/17; എന്നീ നമ്പർ ബില്ലുകളിന്മേലും; തുടർചർച്ചയ്ക്കു വരുന്ന. 2/16; 11/16; , 19/16; എന്നീ നമ്പർ ബില്ലുകളിന്മേലും; സർക്കാർ എന്തു നിലപാട് സ്വീകരിക്കണം?